കുഞ്ചൻ നമ്പ്യാരുടെ ജൻമഗൃഹം

1242 [2222] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാകവി കുഞ്ചൻ നമ്പ്യാരുടെ ജൻമഗൃഹം എന്നാണ് ഏറ്റെടുത്തത്; ഏറ്റെടുത്തതിനുശേഷം ഗൃഹത്തിന്റെ അറ്റകുറ്റപ്പണികൾക്ക് 7-7-1986 വരെ എന്തു ചെലവായി;

(ബി) ഇവിടെ എന്തെല്ലാം വികസന പദ്ധതികളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; ജൻമഗൃഹം നന്നാക്കി ഒരു ഓഡിറ്റോറിയം പണിയാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിനായി എന്തു ചെലവുവരും; ഈ വർഷംതന്നെ മേൽപ്പറഞ്ഞ പണികളും നടത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 4-5-1978-ൽ ഏറ്റെടുത്തു. 7-7-1986 വരെ അറ്റകുറ്റപ്പണികൾക്കായി 27,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി), (സി) സർക്കാർ നിയമിക്കുന്ന മാനേജ്മെന്റ് കമ്മിറ്റിയാണ് കുഞ്ചൻ സ്മാരകത്തിന്റെ ഭരണം നടത്തുന്നത്. കലക്ഷൻ വേതനത്തോടനുബന്ധിച്ചുള്ള 70 സെന്റ് സ്ഥലം കൂടി വാങ്ങി അവിടെ ഒരു ഓഡിറ്റോറിയം നിർമ്മിക്കുക, ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുക, തുള്ളൽ അദ്ധ്യാപനത്തിനു വേണ്ട പ്രോത്സാഹനം നൽകുക, ലൈബ്രറി സ്ഥാപിക്കുക എന്നീ വികസന പരിപാടികൾ മാനേജ്മെന്റ് കമ്മിറ്റി വിഭാവനം ചെയ്തിരിക്കുന്നു. ഇവയ്ക്കെല്ലാംകൂടി ഏകദേശം ഏഴുലക്ഷം രൂപ ചെലവു വരുമെന്ന് പ്രതീക്ഷിക്കുന്നു. കുഞ്ചൻ നമ്പ്യാർ സ്മാരകത്തിൽ ഒരു ഹാളും കുളിമുറിയും കക്കൂസും നിർമ്മിക്കുന്നതിനായി സ്മാരക കമ്മിറ്റി ആവശ്യപ്പെട്ടതനുസരിച്ച് 55,000 രൂപ 7-3-83-ൽ സർക്കാർ നൽകുകയുണ്ടായി. എന്നാൽ മാനേജ്മെന്റ് കമ്മിറ്റി, അവ ഇതുവരേയും നിർമ്മിച്ചിട്ടില്ല. ആയത് ഒരു വർഷത്തിനകം നിർമ്മിക്കണമെന്ന് 18-4-1986-ൽ പ്രത്യേക നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്. അതുകൊണ്ട് ഒരു പുതിയ ഓഡിറ്റോറിയം കൂടി നിർമ്മിക്കുന്നത് പ്രായോഗികമല്ല. വാർഷിക ചെലവിനായി ആണ്ടുതോറും 30,000 രൂപ ഗ്രാന്റായി മാനേജ്മെന്റ് കമ്മിറ്റിക്ക് നൽകുന്നുണ്ട്. കൂടുതൽ തുക ഇപ്പോൾ നൽകാൻ സാമ്പത്തികസ്ഥിതി അനുവദിക്കുന്നില്ല. ഗ്രാന്റു തുകയിൽനിന്നും കമ്മിറ്റിക്ക്, സ്മാരകത്തിന്റെ അറ്റകുറ്റപ്പണികളും ചെയ്യിക്കാവുന്നതും മറ്റ് അത്യാവശ്യ കാര്യങ്ങളും നടപ്പിലാക്കാവുന്നതുമാണ്.

അർണ്ണോസ് പാതിരിയുടെ വസതി സംരക്ഷിക്കാനുള്ള നടപടി

1243 [2223] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർണ്ണോസ് പാതിരിയുടെ മേലൂരിലുള്ള വസതി ഗോഡൗൺ ആക്കിയ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഭവനം ഗവൺമെന്റ് ഏറ്റെടുത്ത് സംരക്ഷിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly